പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2046 **26-10-2026-ൽ മറുപടിയ്ക്ക്**

സർക്കാർ ഹോമിയോ ആശുപത്രികളിലെ മരുന്ന് ക്ഷാമം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എൻ. ബാലഗോപാൽ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സർക്കാർ ഹോമിയോ ആശുപത്രികളിലെ മരുന്ന് ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

മറുപടി: സർക്കാർ ഹോമിയോ ആശുപത്രികളിൽ മരുന്നുകൾ ലഭ്യമാക്കുന്നത് ആലപ്പുഴ ആസ്ഥാനമായി പ്രവർത്തിക്കുന്ന അർദ്ധസർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് (HOMCO) മുഖേനയാണ്. നിലവിലുണ്ടായിരുന്ന യൂണിറ്റ് വഴിയുള്ള ഉൽപ്പാദനത്തിന് പുറമേ പുതിയ യൂണിറ്റ് ഭാഗികമായി പ്രവർത്തന സജ്ജമാക്കിയതു കാരണം മരുന്നുകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അതുവഴി മരുന്നുകളുടെ ലഭ്യത കൂടുതൽ സുഗമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ബി) പ്രമേഹം, രക്തസമ്മർദ്ദം, വന്ധ്യതാ ചികിത്സാ തുടങ്ങിയവയ്ക്കുള്ള മരുന്നുകൾ ലഭ്യമല്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവശ്യ മരുന്നുകളുടെ ക്ഷാമമുണ്ടാവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

മറുപടി: മരുന്ന് ക്ഷാമമുള്ളതായി സ്ഥാപനങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) മരുന്ന് ക്ഷാമം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; എന്നുമുതൽ ഈ പ്രതിസന്ധി പരിഹരിക്കാൻ കഴിയും; വ്യക്തമാക്കാമോ;

മറുപടി: മുകളിലെ ഉത്തരം.

(ഡി) തിരുവനന്തപുരം ആറ്റിങ്ങൽ ഗവ.ഹോമിയോ ആശുപത്രിയിൽ നാലുവയസ്സുള്ള കുട്ടിക്ക് കാലാവധി കഴിഞ്ഞ മരുന്ന് നല്കിയ സംഭവത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

മറുപടി: ആറ്റിങ്ങൽ സർക്കാർ ഹോമിയോ ആശുപത്രിയിൽ നാലുവയസ്സുള്ള കുട്ടിക്ക് കാലാവധി കഴിഞ്ഞ മരുന്ന് നൽകിയ സംഭവവുമായി ബന്ധപ്പെട്ട് ഉത്തരവാദിത്തപ്പെട്ടവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി, ആശുപത്രിയിലെ ഫാർമസിയുടെ ചുമതല നിർവഹിച്ചിരുന്ന മെഡിക്കൽ ഓഫീസറെയും മരുന്ന് വിതരണം ചെയ്ത നേഴ്സിംഗ്

അസിസ്റ്റന്റിനെയും സസ്പെൻഡ് ചെയ്യുകയും ഫാർമസിസ്റ്റ് തസ്തികയിൽ താൽക്കാലികമായി ജോലി ചെയ്തിരുന്ന ജീവനക്കാരിയുടെ സേവനം അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ആശുപത്രിയുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനായി സ്ഥലംമാറ്റം മുഖേന പുതിയ മെഡിക്കൽ ഓഫീസറെയും ഫാർമസിസ്റ്റിനെയും നേഴ്സിംഗ് അസിസ്റ്റന്റിനെയും നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫിസർ